## കണ്ണൂർ ജില്ലയിലെ ടൂറിസം വികസനം

90 [408] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖല വികസിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ ടൂറിസം മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ജില്ലയിൽ പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നരിക്കോട് മല, വാഴമല എന്നീ വിനോദ വികസനപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാരിന് നൽകിയ നിവേദനത്തിൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ ആന്റ് ബി) 1. അഴീക്കലും, കൊറ്റിയിലും ജെട്ടികളുടെ നിർമ്മാണം

2. പൈതൽമലയിൽ എക്കോ ടൂറിസം പ്രോജക്ട്

3. പൈതൽമലയിൽ ടൂറിസ്റ്റ് കോംപ്ലക്സ്

4. പറശ്ശിനിക്കടവിൽ ടൂറിസം വികസനം

5. വാടിക്കലിൽ ഹൗസ്ബോട്ട് ടെർമിനലിന്റെ നിർമ്മാണം

6. ഇരുട്ടി പ്രദേശത്തെ റോഡിന്റെ വികസനം

7. പഴയങ്ങാടി ബസ് സ്റ്റാന്റ്, പേ ആന്റ് യൂസ് ടോയ്ലറ്റിന്റെയും, ഫെസിലിറ്റേഷൻ സെന്ററിന്റെയും നിർമ്മാണം

8. മീൻകുന്നു ബീച്ചിന്റെ സൗന്ദര്യവൽക്കരണം

9. മുഴുപ്പിലങ്ങാട് കടവ്-പുഴക്കര മാമാക്കുന്നു കടവ് റോഡ് നവീകരണം, തെരുവ് ലൈറ്റുകൾ സ്ഥാപിക്കൽ

10. ശ്രീരാജരാജേശ്വരി ക്ഷേത്ര (തളിപ്പറമ്പിൽ)-ത്തിനടുത്ത് പിൽഗ്രിം അമിനിറ്റി സെന്ററിന്റെ നിർമ്മാണം.

11. കിഴക്കേക്കര കോവിലകത്തിന്റെ പുതുക്കിപണിയൽ.

(സി) നരിക്കോട് മല, വാഴമല എന്നീ പ്രദേശങ്ങളിലെ ടൂറിസം സാദ്ധ്യതകൾ വെളിപ്പെടുത്താൻ കണ്ണൂർ ഡി.റ്റി.പി.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly